STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.182/PR/SPMC/PHQ/2026 Date: 13.04.2026

# വ്യാപാരികളെയും റസ്റ്റോറന്റ് ഉടമകളെയും ലക്ഷ്യംവച്ച് സൈബർത്തട്ടിപ്പ്

വ്യാജ സ്റ്റാഫിംഗ് ഏജൻസികളുടെ പേരിൽ വ്യാപാരികളെയും ഹോട്ടൽ/റസ്റ്റോറന്റ് ഉടമകളെയും ചെറുകിട സംരംഭകരെയും ലക്ഷ്യംവച്ചു ഓൺലൈൻ സാമ്പത്തികത്തട്ടിപ്പ്.

'സ്റ്റാഫിനെ നൽകാം' എന്ന വ്യാജ വാഗ്ദാനവുമായാണ് തട്ടിപ്പുകാർ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ, പ്രത്യേകിച്ച് വാട്സ്ആപ്പ് മുഖേന, വ്യാജ പരസ്യങ്ങൾ നൽകി തട്ടിപ്പുശ്രമം നടത്തുന്നത്.

തട്ടിപ്പുകാർ വിശ്വാസ്യതയുള്ള സ്ഥാപനങ്ങളുടെ പേരിൽ വാട്സ്ആപ്പ് പോലുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി വ്യാപാരികളുമായി ബന്ധപ്പെടുന്നു.

രജിസ്റ്റർ ചെയ്ത പരാതികളിൽ "SKAN Crew or SKAN നെക്സസ് എന്നീ സ്ഥാപനങ്ങളുടെ പേരാണ് തട്ടിപ്പുകാർ ഉപയോഗിച്ചിരിക്കുന്നത്.

തട്ടിപ്പുകാർ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ആവശ്യമായ ജീവനക്കാരെ ജോലിക്കായി എത്തിക്കാമെന്ന് വാഗ്ദാനം ചെയ്യുകയും, വിശ്വാസം നേടുന്നതിനായി വ്യാജ കരാറുകൾ, മാർഗ്ഗനിർദേശങ്ങൾ, മറ്റ് രേഖകൾ എന്നിവ പങ്കുവെക്കുകയും ചെയ്യുന്നു.

തുടർന്ന് 'അഡ്വാൻസ് ഫീസ്', 'യാത്ര ചെലവ്' തുടങ്ങിയ വ്യാജ കാരണങ്ങൾ പറഞ്ഞ് പണം ആവശ്യപ്പെടുകയും, പണം ലഭിച്ചതിന് ശേഷം വിവിധ കാരണങ്ങൾ പറഞ്ഞു കാലതാമസം ഉണ്ടാക്കുകയും ഒടുവിൽ വാഗ്ദാനം നൽകിയ സേവനങ്ങൾ നൽകാതെ കടന്നു കളയുകയും ചെയ്യുന്നു.

ഏതെങ്കിലും സ്ഥാപനവുമായി ഇടപെടുന്നതിന് മുമ്പ് അവരുടെ ഔദ്യോഗിക രജിസ്ട്രേഷൻ, ഓഫീസ് വിലാസം, വെബ്സൈറ്റ് എന്നിവ സ്ഥിരീകരിക്കുക.

വിശ്വാസ്യത ഉറപ്പാക്കിയതിന് ശേഷം മാത്രം പണമിടപാടുകൾ നടത്തുക. സംശയകരമായ ലിങ്കുകൾ, രേഖകൾ എന്നിവ തുറക്കാതിരിക്കുക.

സാമ്പത്തിക തട്ടിപ്പിനിരയായാൽ ഉടൻ 1930 എന്ന സൈബർ ഹെൽപ്പ്ലൈൻ നമ്പറിലോ https://cybercrime.gov.in എന്ന ദേശീയ സൈബർ ക്രൈം പോർട്ടലിലോ പരാതി നൽകുക.

****************************